

അദ്ധ്യായം 25.  മണിപ്രവാളസാഹിത്യം (തുടർച്ച)

# കേരളസാഹിത്യചരിത്രം II

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

**കേരളസാഹിത്യചരിത്രം ഭാഗം 2**
**ഉള്ളൂർ എസ്. പരമേശ്വര അയ്യർ**
(മലയാളം: സാഹിത്യചരിത്രം)

First published in print media 1953.

The electronic versions have been released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The production infrastructure of River Valley Technologies has been made use of in the production of these digital editions.

Cover: Shakuntala, (she looks back at her lover, pretending to remove a thorn from her foot), an oil painting by Raja Ravi Varma. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


25 മണിപ്രവാളസാഹിത്യം (തുടർച്ച) . . . . . . . . . . 1

1 ചില മുക്തകങ്ങൾ . . . . . . . . . . . 2

2 ശൃംഗാരപദ്ധതി . . . . . . . . . . . 3

3 രാജപ്രശസ്തിപദ്ധതി . . . . . . . . . 4

4 ദേവതാസ്തുതിപദ്ധതി . . . . . . . . . 5

# 25

# മണിപ്രവാളസാഹിത്യം (തുടർച്ച)

## 1 ചില മുക്തകങ്ങൾ

കൊല്ലം ഏഴ്, എട്ട് ഈ ശതകങ്ങളിൽ അനവധി മണിപ്രവാളമുക്തകങ്ങൾ വിരചിതങ്ങളായിട്ടുണ്ടു്. അവ പ്രായേണ നായികാവർണ്ണനപരങ്ങളും ശൃംഗാര രസപ്രധാനങ്ങളുമാകുന്നു. ഒരേ നായികയെപ്പറ്റിത്തന്നെ പതിനേഴാമധ്യായത്തിൽ പ്രതിപാദിച്ച ചെറിയച്ചീവർണ്ണനത്തിലെന്നപോലെ പത്തിരുപതു ശ്ലോകങ്ങളും കാണ്മാനുണ്ടു്. കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേയറ്റംവരെയുള്ള ദേവന്മാരെയും രാജാക്കന്മാരെയും പരാമർശിച്ചും പല ശ്ലോകങ്ങൾ അക്കാലത്തെ കവികൾ നിർമ്മിച്ചിരുന്നു. ഈ മൂന്നു പദ്ധതികളിൽപ്പെട്ട ശ്ലോകങ്ങൾക്കുപുറമേ അപൂർവ്വമായി വിവിധവിഷയങ്ങളെക്കുറിച്ചും പല ശ്ലോകങ്ങൾ നിർമ്മിതങ്ങളായിട്ടുണ്ടു്. ഏതാനും ദണ്ഡകങ്ങളുമില്ലെന്നില്ല. പ്രസ്തുത ശ്ലോകങ്ങളിൽ പലതും സഭ്യതാസീമയെ അതിലംഘിക്കുന്നതിനാൽ അവയെ കഴിയുന്നതും ഒഴിച്ചുനിർത്തേണ്ടിയിരിക്കുന്നു. ബാക്കിയുള്ളവയെപ്പറ്റി സ്ഥൂലമായ ഒരു ജ്ഞാനം ഉണ്ടായിരിക്കേണ്ടതു് അക്കാലത്തെ സാഹിത്യചരിത്രഗ്രഹണത്തിനു് അത്യന്താപേക്ഷിതമാണുതാനും. ഓരോ ശ്ലോകവും നിർമ്മിച്ചതായ ശതകം സപ്തമമോ അഷ്ടമമോ എന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ലാത്തതിനാൽ എല്ലാംകൂടി ഈ അധ്യായത്തിൽ ആവിർഭവിപ്പിക്കുന്നതാണു്. ഉദ്ധരിക്കുന്നവയിൽ അപൂർവ്വം ചില ശ്ലോകങ്ങൾ ആറാം ശതകത്തിലും ചിലതു് ഒൻപതാം ശതകത്തിലും പെട്ടതായും വരാൻ പാടില്ലായ്കയില്ല. ചെറിയച്ചീവർണ്ണനത്തിലേ ചില ശ്ലോകങ്ങൾ ലീലാതിലകത്തിൽ പകർത്തീട്ടുള്ളതിനാൽ അതിന്റെ കാലംമാത്രം സൂക്ഷ്മമായി കണ്ടുപിടിക്കുവാൻ സാധിച്ചു.

## 2 ശൃംഗാരപദ്ധതി

ഒട്ടുവളരെ നായികമാരുടെ നാമധേയങ്ങളുമായി നാം അക്കാലത്തെ ശൃംഗാരശ്ലോകങ്ങളിൽ പരിചയപ്പെടുന്നു. ആ നായികമാരിൽ ചന്ദ്രോത്സവദ്വാരാ നാം അറിയുന്ന (1) മേദിനീവെണ്ണിലാവ് (2) മാരലേഖ, (3) മാനവീമേനക, (4) മാരചേമന്തിക എന്നിവരെപ്പറ്റി ചില ശ്ലോകങ്ങൾ കേട്ടിട്ടുണ്ട്.(1) ചിറയ്ക്കൽ ഇട്ടിപ്പെണ്ണ്, (2) മേദിനീബാലിക, (3) ചന്ദ്രിക, (4) മാരമന്ദാകിനി, (5) ലക്ഷ്മി, (6) കർപ്പൂരവല്ലി, (7) ദേവരശി, (8) മാരവിരുത്, (9) ഇട്ടിമാണി, (10) കൗണോത്തര, (11) പുതിയവീട്ടിൽ ഇട്ടി, (12) വള്ളനാട്ട് ഇട്ടി, (13) ഇട്ടിനങ്ങിണി, (14) ആനന്ദകേളി, (15) രാമാനിലാവ്, (16) കടന്നയിൽ ചെറുപെണ്ണ്, (17) മടത്തിൽ ഇട്ടി, (18) കേളിരേഖ, (19) പുതുപറമ്പത്ത് ഇട്ടിയച്ചി, (20) ചേമന്തിലേഖ, (21) പൂവാണരേഖ, (22) കീഴറ ഇട്ടിമാതവി, (23) കനകാവലി, (24) നീവീമണി, (25) പിരളീനായിക, (26) പനയപ്പള്ളി മാണിക്യം, (27) മരതകമാല, (28) കേളീമണി, (29) മല്ലീനിലാവ്, (30) കലാകേരളി, (31) തച്ചപ്പള്ളി ഇട്ടിമായ, (32) നീലമ്മ, (33) തോട്ടങ്കരച്ചീതമ്മ, (34) ആനന്ദചിന്താമണി, (35) കീർത്തിലേഖ, (36) തേന്മേനക, (37) മാരകേളി, (38) കുന്നത്തു ചീതമ്മ, (39) കീർത്തിചന്ദ്രിക, (40) തളിക്കുന്നിൽ ഇട്ടിതേവി, (41) പാലക്കോട്ടു ചെറുചിരുതേവി, (42) കേരളീവെൺനിലാവ്, (43) വെള്ളത്തു ചേരിക്കൽ ഇട്ടിച്ചിരുതേവി, (44) വീണാവതി, (45) രാജലേഖ, (46) ബാലനീവി, (47) മേദിനീമേനക, (48) രാജചിന്താമണി, (49) കരുമത്തിൽ ഉണ്ണുനീലി, (50) മാക്കം, (51) തയ്യിത്തലത്ത് ഇളയച്ചി, (52) മാതു, (53) നാകലതേവി മുതലായി വേറേയും പല സുന്ദരിമാരെപ്പറ്റി ശ്ലോകങ്ങൾ കാണ്മാനുണ്ട്.

ഇത്തരത്തിലുള്ള സ്ത്രീവർണ്ണനത്തിന്റെ ആഗമമെന്തെന്നു ഞാൻ ഇരുപതാമദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ചിലപ്പോൾ അന്യന്മാരുടെ അപേക്ഷയനുസരിച്ചാണ് തങ്ങൾ ആ സ്ത്രീകളെ വാഴ്ത്തുന്നതെന്നു കവികൾതന്നെ കണ്ഠതഃ പ്രസ്താവിച്ചിരിക്കുന്നു. “ചൊല്ലേറും വെണ്പലക്ഷ്മാരമണഗുരുനിയോഗേന വേഗാതിരേകാൽ... കൗണോത്തരാഢ്യാം കല്യാണീമാരഭേ ഞാൻ കനിവൊടു ഭവതീം വാഴ്ത്തുവാനുത്രമാതേ” എന്ന് ഒരു കവി പറയുന്നു. “തയ്യിത്തലമെഴുമിളയച്ചീ, തവാംഗം ഗുണശ്രീസന്തത്യൈ ദേവനാരായണഗുരുകൃപയാ വാഴ്ത്തുവാനാരഭേ ഞാൻ” എന്നും ആ ശ്ലോകത്തിന്റെ പ്രണേതാവുതന്നെയോ അപരനോ ഉദീരണംചെയ്യുന്നു. ഈ നിർദ്ദേശങ്ങളിൽനിന്നു തെക്കുംകൂർ രാജാവും അമ്പലപ്പുഴ രാജാവുമാണ് യഥാക്രമം കൗണോത്തരയേയും തയ്യിത്തലത്ത് ഇളയച്ചിയേയും പ്രശംസിപ്പിച്ചത് എന്ന് ഊഹിക്കാം. ‘കൗണക്ഷമാരമണവംശ മണിപ്രദീപം’ എന്ന് ആദ്യത്തെ നായികയെ കവി വർണ്ണിക്കുന്നതിൽനിന്ന് ആ സുന്ദരി ഒരു ക്ഷത്രിയയാണെന്നു സങ്കല്പിക്കാം. കായംകുളം രാജവംശത്തിലെ ‘ഉത്തരാചന്ദ്രിക’ എന്ന കുമാരിയുടെ ഭർത്താവായ ഉണ്ണിരാമൻതന്നെയാണ് ആ നായികയെ പരാമർശിക്കുന്ന പ്രശസ്ത പദ്യങ്ങളുടേയും പ്രണേതാവ് എന്നുള്ളത്

“ഉണ്ണീരാമൻ വരും പോന്നയി തവ തിരുമെയ്
വാഴ്ത്തുവാനാസ്ഥ കൈക്കൊ-
ണ്ടന്യൂനം താൻ മറന്നീലൊരുപൊഴുതുമെടോ
താവകം പൂവലംഗം;
എന്നെല്ലാമുത്തരാചന്ദ്രികമലർമകളോ-
ടംഗനാമൗലിതന്നോ-
ടിന്നേവം ചൊല്ല തോഴാ, കനിവു മയി കലർ-
ന്നീടുവാനൂഢമോദം”

എന്ന പദ്യം നോക്കുക. “ഞാനിങ്ങമിതരസമിടപ്പള്ളിനിന്നൂഢമോദം” എന്നു പറഞ്ഞിട്ടുള്ളതിൽനിന്ന് അദ്ദേഹം അന്ന് ഇടപ്പള്ളിയിൽ താമസിച്ചിരുന്നിരിക്കാമെന്നും അനുമാനിക്കാം. സാധാരണമായി ധനം മാത്രമായിരുന്നു തങ്ങളുടെ സാഹിതീവ്യവസായത്തിനു കവികൾ നായികമാരിൽനിന്നു പ്രതീക്ഷിച്ചിരുന്ന സമ്മാനം. അതു ലഭിക്കാതെവരുമ്പോൾ അവർ നൈരാശ്യഭരിതരായിത്തീർന്നതിനും ദുഷ്കവികളെ അധിക്ഷേപിച്ചതിനും ചില ഉദാഹരണങ്ങളാണ് താഴെപ്പകർത്തുന്നത്:

“കിടപ്പവിറ്റെക്കിടവാതവിറ്റോ-
ടിണച്ചതിക്ലിഷ്ടമനന്വിതാനി
പദാനി കാൺ മൂരികളെക്കണക്കെ-
ക്കവിക്കരിങ്കയ്യർ പിണയ്ക്കുമാറ്.” (1)

“ഒട്ടേടം പ്രതിഭാവിലാസ, മൊരിടം കേട്ടിട്ടു കാവ്യാശ്രയം,
കട്ടിട്ടൊട്ടൊരു ഭാഗ, മൊട്ടൊരനുരാഗോത്സാഹമാനോത്ഭവം,
മുട്ടുമ്പോൾ വിധിയെന്നു കറ്റമൊരിടത്തേതാദൃശം പത്തു
നാൾ
മുട്ടിച്ചാലൊരു പദ്യമായ്ത്തിരിയുമെന്റാശാ പരം മാദൃശാം.”

“നാട്ടാർകാവ്യമകം മുറിച്ചു പുലരെക്കട്ടൊട്ടു താനോർത്തതും
കൂട്ടിക്കൊണ്ടു ചമച്ചചാരു പിടിപെട്ടന്നന്നവദ്യോൽകരാൻ
പാട്ടോ മറ്റു ചിലോകമോ പുനരിതെന്റോരാതെ
നാട്ടച്ചിമാർ-
വീട്ടിൽപ്പുക്കു പണം കൊതിച്ചു കവി കെട്ടീടും കവിഭ്യോ
നമഃ”

“പൈന്തേനോലും ചിലോകം പരിചിനൊടു നിര-
ത്തിത്തിരുത്തിച്ചമച്ചി-
ട്ടെന്തേ ചേതം മെനക്കെട്ടൊരു തടിയനിരു-
ന്നങ്ങു ചൊല്ലുന്നതാകിൽ?
എന്റേ മുറ്റം നിനച്ചാൽ നിനവു തരുണിമാ-
ർക്കെന്റു കൂറിട്ടു കണ്ടി-
ട്ടിന്റീ പദ്യപ്രബന്ധേ ചുവ പെരിക വരി-
ന്റീലെടോ മാദൃശാനാം.” (4)

“ഓരോരോ കൂരതോറും പുലരുമളവിലേ
പുക്കു ചൂതും പറഞ്ഞി-
പ്പാരിൽപ്പോരിന്റെ കള്ളച്ചെറുമികളെ വിളി-
ച്ചോരു പേരിട്ടുകൊണ്ട്
വൈരാഗ്യം കൈവരുത്തുംപരിചു ചില ചിലോ-
കങ്ങളച്ചോ! ചമയ്ക്കും
വീരന്മാരെത്തൊഴിന്റേൻ പകലിരവനിശം
നിന്റു കുമ്പിട്ടു ഞാനോ.” (5)

സ്ത്രീകൾക്കു കള്ളപ്പേരിടുന്നതിനെപ്പറ്റി ലീലാതിലകകാരൻ വിവൃതമായി അവഹേളനംചെയ്തുവെങ്കിലും അതു വനരോദനമായാണ് പരിണമിച്ചത്. “മുഗ്ധേ കേളുത്തരാ ചന്ദ്രികമയമയി തേ നല്കിനേൻ നാമധേയം” എന്ന് ഉണ്ണിരാമൻ പറയുന്നതു നോക്കുക. വേറേയും ഞാൻ മുൻപു കുറിച്ച പട്ടികയിലെ പല പേരുകളും അയഥാർത്ഥങ്ങളാണെന്നു വായനക്കാർക്കു കാണ്മവാൻ പ്രയാസമില്ലല്ലോ.

അമൃതനിഷ്യന്ദികളായ ചില ഒറ്റശ്ലോകങ്ങൾ അടിയിൽ ചേർക്കുന്നു. മണിപ്രവാളകവിതയ്ക്ക് അക്കാലത്തുണ്ടായിരുന്ന അസുലഭമായ അഭ്യർഹിതത്വത്തിന് അവയെല്ലാം ഒന്നുപോലെ സ്മാരകസ്തംഭങ്ങളാണ്. പുനം, ശങ്കരകവി മുതലായ സുഗൃഹീതനാമാക്കളുടെ വാങ്മയങ്ങളും ആ കൂട്ടത്തിലുണ്ടായിരിക്കണം.

### സൗന്ദര്യവർണ്ണനം

“വക്ത്രാംഭോജന്മ കൈലാസവദലമളകാ-
ലങ്കൃതം, കൊങ്കയുഗ്മം
വൃത്രാരാതേരുദാരം കലിശമിവ പരി-
ച്ഛിന്നസാരം ഗിരീണാം.
മധ്യം മത്തേഭവൽ തേ പിടിയിലമിഴവോ-
ന്റെത്രയും ചിത്രമത്രേ
മുഗ്ധേ, കേളുത്രമാതേ, വപുരുദധിരിവാ-
ഭാതി ലാവണ്യപൂർണ്ണം.” (1)

“കാളാംഭോധരപാളി താളി പിഴിയും കറ്റക്കരിപ്പുങ്കുഴ, -
ല്ലാലംബായ മുഖാവലോകസമയേ നെയ്‌വയ്ക്കുമിച്ചന്ദ്രമാഃ,
കോലത്താർചരഭ്രമിപാലകനകക്കുംഭം തൊഴും
പോർമുല,-
യ്യോലക്കത്തൊടു നിന്നെ വാഴ്ത്തുവതിനിന്റാമല്ല
കൗണോത്തരേ.” (2)

“ശൗരേരാദ്യാവതാരം തരളമിഴിയുഗം;
വാക്കു ഗീർവാണമുഖ്യാ-
ഹാരം; വക്ഷോജഭാരം ത്രിപുരഹരകരോ-
ല്ലാസിനീ ചാപവല്ലീ;
മാരൻപൂമേനിയല്ലോ കൊടിനടുവു; മഹാ-
മന്ദരാദ്രിം വിരോധം
വാരാതേ താങ്ങുവോന്റിപ്പുറവടി പിരളീ-
നായികേ, താവകീനം.” (3)

“കാർമേഘം കൈതൊഴേണം മലരണിപുരിചാ-
യല്ലു; ചില്ലിക്കുമമ്മാ!
കാമക്കോൽവിൽ തൊഴേണം; മഴലമിഴിയുഗ-
ത്തിന്നു പെൺമാൻ തൊഴേണം;
പോർമാതംഗം തൊഴേണം തവ ഗമനമതി; -
ന്നിന്റിലും പോർമുലയ്ക്കോ
ഹാ! മുഗ്ധേ! മാരചേമന്തികമലർവനിതേ!
ഹേമകുംഭം തൊഴേണം.” (4)

“എന്നെക്കൊണ്ടെന്നു നില്ലുന്നിതു മുലമുകുളം;
മന്ദഹാസത്തിനോ നിൻ-
മുന്നിൽപ്പോരേണമല്ലോ; ചികുരമതരിശ-
പ്പെട്ടു പിന്നിൽക്കിടന്നു;
കന്നല്ലൺകോൺ മയറ്റുന്നിതു സുമുഖി! നടേ-
തന്നെ വാഴ്ത്തേണമെന്മാ; -
നന്നിച്ചാലൊന്നു വല്ലേൻ തിരുവുരു പുകഴ്‌വാൻ
മേദിനീമേനകേ! ഞാൻ.” (5)

“നീടെത്തും നേത്രയുഗ്മം കയൽ മറുകയലെ-
ന്നോർത്തു കൊത്തീടുമയ്യോ;
പേടിക്കും ചക്രവാകം പുരികുഴൽനികരം
കണ്ടിരുട്ടെന്നുദാരം;
ഓടിപ്പോം ഖിന്നമന്നപ്പിട തവ നട ക-
ണ്ടേറ്റു; മെന്നാലിദാനീം
ക്രീഡിക്കൊല്ലാ സുശീലേ! പുനരപി വിമലേ
നീ ജലേ രാജലേഖേ!” (6)

“മാധുര്യം പാർക്കിലൊന്നേ തവ കളമൊഴിയും
വീണയും; പ്രാണമിത്രം
പാഥോജത്തിന്നു വക്ത്രം; പുരികുഴൽ കിരിയം
മേദുരം നീരദാനാം;
ചൂതിന്മേല്ക്കോവിൽ പൂവൽപ്പുണർമുല; മണിവാ-
തമ്പിരാൻ ചെമ്പരുത്തി; -
ക്കേതേനും ചാർച്ച തോന്നും കുവലയദലവും
നേത്രവും കീർത്തിലേഖേ!” (7)

“നിർമ്മാതുർന്നിരവദ്യരതരചനാസീമയ്ക്കു, നന്മന്മഥ-
ബ്രഹ്മാനന്ദസുധാതരംഗിണിതനി, ക്കല്യാനലീലാനിധേഃ,
കല്മാഷം തുടരാത വെൺമതികല, യ്യേഴാഴിനീർ ചൂടുമീ
മൺമേൽമാതർമണിക്കു, മാരവിരുതിന്നുള്ളോന്നു
മന്മാനസം.” (8)

### പ്രത്യംഗവർണ്ണനം

(i) മുഖം:

“മന്ദാത്മാ പുനരന്തിപാടു പെരുമാറിപ്പോമൊരുക്കാ,
ലൊളി-
ച്ചന്നേ പോന്നു നിശീഥിനിക്കു ചിലനാൾ, കാണാം
നിശാർദ്ധാന്തരേ.
എൻതോഴാ! മുഴവൻ നടക്കുമൊരുനാ, ളൊട്ടും
വരാനേകദാ
ചന്ദ്രോയം മമ ചന്ദ്രികാമുഖരുചിം കപ്പാനനല്പാശയാ.” (9)

“കലാമുരുക്കുട്ടി നടക്കുമൊട്ടേ;
കലാമഴിക്കും വികളങ്കനാവാൻ
കലാമണിപ്പെൺമുഖസാമ്യമൊപ്പാൻ
കലേശനാലെത്ര പണിപ്പെടിന്റു.” (10)

(ii) കടാക്ഷം:

“ഊനം തട്ടാത കാന്തിപ്രസരനവസുധാ-
പൂരിതേ വാരിരാശൗ
സാനന്ദം മന്ദമാന്ദോളിതതരളസ-
ച്ചില്ലിവല്ലീതരംഗേ
നൂനം താഴിന്റ ലോലാളകവലയിലക-
പ്പെട്ടുഴന്റിട്ടിയച്ചീ,
മീനദ്വന്ദ്വം കളിക്കിന്റിതു തവ നയന-
ച്ഛത്മനാ പത്മനേത്രേ.” (11)

“കാന്തേ! കർണ്ണങ്ങളോടേറ്റളവു വഴി കൊടാ-
ഞ്ഞുള്ള കോപേന താമ്രാം
കാന്തിം കൈക്കൊണ്ടിതെന്റേ പറവർ ചിലർ നിസർ-
ഗ്ഗാരുണോപാന്തകാന്തം;
ഞാൻ തേറേനിട്ടിയച്ചീ, പുനരിതു കഥയേ
സന്തതം മൈന്തർചിത്തം
ചീന്തീടുംനേരമേന്തീടിന രുധിരകണാ-
ലങ്കൃതം നിൻകടാക്ഷം.” (12)

“കിഞ്ചില്ലജ്ജാവനമ്രാൻ പ്രണയനവലതാ-
പല്ലവാൻ, മെല്ലവേ കീ-
ഴഞ്ചും മന്ദഹാസദ്യുതിശകലവലാ-
കാവലീബാലമേഘാൻ
അഞ്ചമ്പന്നസ്ത്രഭൂതാനവിരതതരളാൻ
പേർത്തുമിന്നേത്രലക്ഷ്മീ-
സഞ്ചാരാനിട്ടിയച്ചീ, പുളകനറുമലർ-
ത്തോപ്പണിഞ്ഞേല്പനോ ഞാൻ?” (13)

“ആമോദാൽക്കാൺമനോ ഞാനവികലമിളകീ-
ടിന്റ ലജ്ജാഭിരാമാ-
നാമുഗ്ധസ്യന്ദിഹാസാങ്കുരമിടപെരുകീ-
ടിന്റ കമ്രാനപാതാൻ
ആമന്ദം മാരുതാന്ദോളിതകമലപലാ-
ശാവലീലോലലോലാൻ
പ്രേമാർദ്രാനിട്ടിയച്ചീ, നവലളിതകലാ
കങ്കടാൻ നിൻകടാക്ഷാൻ.” (14)

### നായകന്റെ ചാടൂക്തി

“ചരണതളിർ തലോടും; കൂടവേ പുഷ്പമാലാം
പരിചിനൊടു ഭരിക്കും; പിൻനടക്കും പ്രയാണേ;
ഒരുപൊഴുതിലുമച്ചോ! വേർവിടാ വക്രഭാവം;
പരിജനമിവ ഭദ്രേ! വേണി കൗണോത്തരേ, തേ.” (15)

“ചൊല്ലേറും കാമുകീകാമുകകലഹകലാ-
പാടനാശ്ചര്യവിദ്യാ-
കല്യം, ത്രൈലോക്യലക്ഷ്മീമണിമുകുര, മന-
ങ്ഗാഗമാദ്വൈതസാരം,
സ്വർല്ലോകപ്രാതരാശം, ത്രിപുരഹരജടാ-
രത്ന, മാഖണ്ഡലാശാ-
കല്യാണം, കാൺക കൗണോത്തരമലർവനിതേ,
സുന്ദരം ചന്ദ്രബിംബം.” (16)

“വാരാർന്നീടിന്റ താരാനികരമദജലം
വാർത്തു നൽക്കേതകീനാം
താരെന്നും കൊമ്പുമാ വൻപൊടു പുകരുമണി-
ഞ്ഞേഷ ഖദ്യോതജാലൈഃ,
നീരാളും മേഘനാദൈരുടനലറി മഴ-
ക്കാലമാം വാരണേന്ദ്രൻ
പോരിന്നായാതനായാൻ കുരുളൊടു പിരളീ-
നായികേ! താവകീനം.” (17)

“വേർപാകിച്ചു തഴച്ച വേഴ്ച മുഴവൻ ഞാനെന്നിലേ നാലു
നാ-
ളാപാദിച്ചു മറച്ചുവെച്ചു പുലരാനച്ചൈരുഴറ്റീടിനേൻ;
രൂപാലോകസുഖാഗമേ നിലകലച്ചെന്മേൽ നിരച്ചീടുമി-
മ്മാപാപിപ്പുളകങ്ങൾ മാരവിരുതേ!
ചൊല്ലിന്റിതെല്ലാരൊടും.” (18)

“പീനോത്തുംഗം ചുമപ്പാൻ പണി പരമണിമൽ-
ക്കൊങ്കമൊട്ടെങ്കിലും നീ
പാലഞ്ചും വാണി! നാലഞ്ചടി വടിവിൽ നട-
ന്നീടു വാടാതശോഭം;
ലോലംബാലോലലീലാകുലമഴകിലഴി-
ഞ്ഞാശു ചെമ്മേ നിലം മേ
നീലമ്മേ! നീലമമ്മേ! ചികുരഭരമടി-
ക്കിന്റതൻപോടു കാൺമാൻ.” (19)

“ഭംഗ്യാ മേല്പോട്ടു കെട്ടീടിന ചികുരഭരം,
കാമുകാലോലലീലാ-
രംഗേ നീലാംശുകത്തിന്നിടയിൽ നിഴലെടു-
ക്കിന്റ കാഞ്ചീനികേതം,
തിങ്ങും താംബൂലഗർഭം കവിളിൽ മതി തെളി-
ഞ്ഞെണ്ണയും തേച്ചു നില്ക്കും
നിൻകോലം കാൺകിലപ്പോളുടനെരിപൊരിയാം
മാരനും മാരലേഖേ!” (20)

“പൊല്ലമ്പം വെന്ന കോലത്തുടവടിവു, മിണ-
ക്കം വരത്തമ്മിൽ വിങ്ങി-
ത്തിക്കും തൈക്കൊങ്കമൊട്ടും കുവലയരുചി കൈ-
ക്കൊണ്ട മൈക്കണ്ണുരണ്ടും,
അക്കുന്തൽപ്പന്തഴക്കാന്തിയുമണിമുറുവൽ-
പ്പുന്മയും താവകം ക-
ണ്ടുൽകം മൽകം മനക്കാമ്പിതു പുനരറിയാ
പൂയമേ! ഞായമേതും.” (21)

“സ്രോതസ്വിന്യാം കളിക്കുന്നളവു മമ തളി-
ക്കുന്നമർന്നോമലേറ്റം
മോദത്തിൽപ്പാർത്തു ഞാൻ നിന്നളവു ഗളതല-
ത്തോളവും മഗ്നഗാത്രീ;
ഏതിട്ടിത്തേവിവക്ത്രം, വികചകമലമേ-
തേതു കാർവണ്ടു, കൺമു-
ക്കേതെന്നിത്ഥം വലഞ്ഞോരളവു, വരിക നീ-
യെന്നിതമ്മന്ദഹാസം.” (22)

“ആരാമേ കാൺ വസന്തോത്സവമയി ദയിതേ,
ചാരുപീയൂഷധാരി
താരേശൻ തന്ത്രി ളുകന്നിതു വിമലനിലാ-
വായ ഹവ്യം ദിഗന്തേ;
മാരായൻ മാമരാളീ നിജമധുരരവം
വാദ്യഘോഷം തുടങ്ങി;
നേരേ നാം പോക കാൺമാ, നലർചരനിഹ കോ-
യിമ്മ തേന്മാനവല്ലീ!” (23)

“മുക്കാലും വഴി മുഗ്ധഭാഷിണി! മുലക്കുന്റും ചുമന്നംഗജ-
പ്രക്ഷോഭേണ നടന്ന നിൻ നട നിനയ്ക്കുമ്പോൾ നടുക്കം
വരും;
മൽക്കൈക്കൊണ്ടിടയിൽത്തൊടും പൊഴുതിലും
മാഴ്കിത്തളർന്നീടുമി-
ത്തൃക്കാൽച്ചെങ്കമലങ്ങൾ മാരവിരുതേ!
കല്ലേറ്റലഞ്ഞീലയോ?” (24)

“വൻകോപേ മമ രാജചന്ദ്രിക വഴങ്ങീലങ്കപാളീമെനി, -
ക്കെൻക്രൂരത്വമിതോർക്കെടൊ തദനു ഞാൻ പോവാൻ
തുനിഞ്ഞീടിനേൻ;
കൺകോൺകൊണ്ടൊരനംഗചങ്ങല പിണച്ചെൻകാല്ക്കു
ചേർത്തീടിനാൾ
തൻകൊങ്കയ്ക്കൊരപൂർവഹാരലതയും ബാഷ്പേണ
മൽപ്രേയസീ.” (25)

“മുല്ലചാരുതരമല്ലികാമുകുളകന്ദളന്മധുരസം നുകർ-
ന്നല്ലളല്ലളിതഭംഗരധങ്കൃതി കലർന്നു മന്ദമദമന്ഥരം
നല്ല നല്ല സരസീഷു മുങ്ങി, നളിനേഷു തങ്ങി, വദനേ ചല-
ച്ചില്ലിവല്ലിവലയേ വലന്തമഭിനന്ദ തമ്പി! മലയാനിലം.” (26)

“കാണാഞ്ഞാൽ മനസാ മറന്നുകളയും
കാരുണ്യമുള്ളോരെയെ-
ന്നേണാങ്കപ്രതിമാനനേ! ജളർ
പറഞ്ഞീടുന്നതോർത്തീടൊലാ;
വീണാലാപിനിമാർകലാഭരണമേ! കേളോമലേ! നമ്മിലി-
ക്കാണായോരനുരാഗവല്ലരി കരിഞ്ഞീടാ
പിരിഞ്ഞീടിലും.” (27)

“വാരമ്പും മാലതീനായിക മധുമൊഴി കൈ
കൂപ്പി നിന്നോരു നേര-
ത്താരാൽത്തെൻകൈലനാഥന്നൊരു ജളത വിശേ-
ഷിച്ചുമപ്പോൾപ്പിണഞ്ഞു;
താരാർമാതെന്നു കല്പിച്ചുപചിതകുതുകം
വിഷ്ണുതാനെന്നു കൂടെ-
പ്പോരായ് വാനെന്നു ചോദിച്ചളവതിനു ചിരി-
ച്ചീടിനാളദ്രികന്യാ.” (28)

### വിരഹാവസ്ഥാവർണ്ണനം

“ആമാകിൽപ്പുരദേവതേ, വിരഹിണാം നിദ്രേ!
നിനക്കെങ്കിൽ നീ
കാർമേഘക്കുഴലാൾ കിടക്കുമറയിൽക്കൊണ്ടെക്കിടത്തീടു
മാം;
ശ്യാമായാമതിമാത്രലോഹിതപദാമീ പാവമയ്യോ! നട-
ത്താമോ നാകലതേവിയാം നതമുഖീം മാർഗ്ഗേ
മഹാസങ്കടേ?”

“ളുത്താരം വിളങ്ങിന്റണിമുല പുണർവാൻ
ദൈവയോഗം വരുന്നാ-
ളാമത്രേ, സംഭ്രമിച്ചാലരുതു പുനരറി-
ഞ്ഞില്ല താപാതിരേകാൽ;
കാമത്തീകൊണ്ടു വേകിന്റകതളിലിരു-
ന്നംഗനാരത്നമേ! നി-
ന്നോമൽപ്പൂമേനി വേമെന്റിതു മനസി ഭയം
മേദിനീ വെണ്ണിലാവേ.” (30)

“നിൻനേത്രത്തൊടു നേരെനിക്കു രജനീ;
വൈവശ്യമോമന്നുല-
ക്കുന്നോടൊക്കു, മുറക്കമൂണു സുഖമെന്റിത്യാദി മധ്യോപമം;
ധന്യേ, മാരതുരാൽ നിതംബസദൃശം;
നിന്നെപ്പിരിഞ്ഞീടിനാൽ
നിന്നെക്കാൺമതിനുണ്ടുപായമിവയോരോന്റോർത്തു
കൗണോത്തരേ.” (31)

“മൂർത്ത ശൈലമുന മുല്ലമാല; പനിനീർ കഠോരഗരളദ്രവം;
പൂത്തശോകമരമോർത്തുകാൺകിലൊരുമൂർത്തി
ഭക്ഷിതുമനക്ഷണം;
വാസ്തവം പറകിലിന്ദുമണ്ഡലമെനിക്കു കാലകരവാളി, കൗ-
ണോത്തരേ, ഗുണഗണോത്തരേ, തവ വിശങ്കടേ വിരഹ
സങ്കടേ.” (32)

“കലുഷതയൊടടുത്തും, പേപ്പെട്ടും, കോപ്പെട്ടുത്തും,
പലവഴി ശരമെയ്തും, കണ്ണുനീർ പെയ്തുപെയ്തും,
മലർചരനുമെനിക്കും നിദ്ര ചെറ്റില്ല തയ്യി-
ത്തലമെഴുമിളയച്ചീ, ഹന്ത! ചെറ്റന്തിയായാൽ.” (33)

“നിൻകാല്ക്കൽച്ചേരുവൻ വന്നനുദിവസമഴി-
ഞ്ഞമ്മലർച്ചായൽപോലേ;
കൊങ്കാർമെൽക്കൊങ്കമൂലം മെലിവനണിനടു-
പ്രായമാരോമലേ! ഞാൻ;
കൺകോൺപോലേ വളർപ്പേൻ ചപലത നിതരാം;
മാറിലെത്താലിപോലേ
ഭംഗ്യാ വാണീലൊരിക്കാലതു പുനരിഹ മാൽ
മാരചേമന്തികേ! മേ.” (34)

“മാനംമേവിന നീ കനംകനൽ ചൊരിഞ്ഞിന്റേ
വരുത്തേണമെൻ
പ്രാണാപായമഹോത്സവം തവകരുത്തുണ്ടെങ്കിൽ
വെൺതിങ്കളേ!
നാനാലോകർ ചിരിക്കുമാറെരിപൊരിക്കൊണ്ടി
ങ്ങിരിക്കേണമോ
നാണംകെട്ടിനി മാരകേളിതിരുമെയ്പൂണാത മാപാപി
ഞാൻ?” (35)

“കോലം നേർപാതിയായീ ബത; കുസുമശരൻ
വൈരി; വെൺതിങ്കൾ ചൂടാ-
മാലേപം ചാല വെണ്ണീ; റശനമപി വിഷ-
പ്രായമോർക്കും ദശായാം;
ലീലാരാമം ചിതാകാനന; മനലമയം
ചിത്രകം; ചിത്രമേവം
ബാലേ! മേ വന്നുകൂടീ ഗിരിശത പിരളീ-
നായികേ! നിൻവിയോഗേ.” (36)

“നിർമ്മായം പക്ഷപാതം തവ തരുണി, മനോ-
മാലിമിക്കെങ്കൽ മന്യേ;
രമ്യാകാരേണ കാണായിതു ബത! മുറുവൽ-
പ്പാമരം വാമനേത്രേ!
മന്മാറാകുന്ന ധന്യത്തുറനടുവിലടു-
ക്കിന്റതുണ്ടിന്നുനാളെ-
ച്ചെമ്മേ നിൻകൊങ്കമൊട്ടാം കനവിയ കനക-
ക്കപ്പൽ കർപ്പൂരവല്ലീ!” (37)

“തേമ്പാത രാഗരുചി കുമ്മിണിയിട്ടിയെന്നും
കാമ്യാംഗി! നിൻവദനമൊന്നു മുകപ്പനോ ഞാൻ,
തേൻ പെയ്തുപെയ്തു മണമാർന്നു നിറന്ന പുത്തൻ-
മാമ്പൂനറുന്തളിരിളങ്കുയിലെന്നപോലേ?” (38)

“മന്ദം ളുകുന്ന മന്ദസ്മിതവിമലനിലാ-
വോദയം കണ്ടു പാർമേ-
ലന്തർമ്മോദം കളിക്കും തിമിരനിചയമൊ-
ന്നിച്ചു കാൺ നിൻപദാന്തേ
ചിന്തും താപേന വീഴുന്നതു പുരികുഴലാം
പേരു കൈക്കൊണ്ടഴിഞ്ഞെൻ
കാന്തേ, ഞാനെന്നപോലേ ശിവശിവ ചെറുമാ-
ക്കൽത്തകം ജീവനാഥേ!” (39)

“ത്വരിതം നെടുമാക്കൽ മേവുമിട്ടി-
ച്ചിരുതേവീ! കുളുർകൊങ്ക നീ തരാഞ്ഞാൽ,
അരുളീടുമെനിക്കു ദേവനല്ലാർ-
പ്പെരുമാളുർവശി നൂനമിന്നുതന്നെ.” (40)

“ഇപ്പാപംകൊണ്ടവാറേ പറവിതു പകലേ
പാതിരായെന്നു തോറ്റം
നിഷ്പാദിക്കുന്ന നീലാംബുദനിചയമയം
ജാതമാശാവകാശം;
ഉപ്പാട്ടിക്കൽപലാന്തർദ്ദലവിപുലവിലോ-
ലാക്ഷിമാർതമ്പിരാട്ടി-
ക്കെപ്പോഴും തോഴ! നമ്മെ പ്രതി ഗതകരുണം
മാനസം മാനസന്നം.” (41)

“ഓർത്തേൻ മേഘനിനാദമന്തകമഹാഹങ്കാരമെന്നാർത്തനാ
വീർത്തേൻ മേചകഭൃംഗരാക്ഷസകുലാലോകേ
വിയോഗേന ഞാൻ;
താർത്തേൻമേലിഴകുന്ന തെന്നലെറിവാളേറ്റെത്രയും
കണ്ണുനീർ
വാർത്തേന്മേദുരചന്ദ്രികാഗ്നിയിൽ വളർത്തേന്മേനി
തേന്മേനകേ!” (42)

## 3 രാജപ്രശസ്തിപദ്ധതി

### (1) അമ്പലപ്പുഴ ചെമ്പകശ്ശേരി രാജാവ്

"ദാതൃത്വത്തിന്നിരിപ്പാനഴകിന നിലമേ!
സാദരം ഭൂരമണ്യാ
മാറിൽച്ചേരിന്റ ചാരുപ്രസരകിരണമാ-
ണിക്യമേ! മാനസിന്ധോ!
പാരെപ്പേരും ചിരം പാലയ ഭവദഹിതാൻ
പൂണ്ട വാനോർ വധൂനാ-
മാരപ്പോർകൊങ്ക തേടീടിന സുചരിതമേ!
ദേവനാരായണാ! നീ." (43)

"ഗാത്രം കന്ദർപ്പദർപ്പം വിരവൊടു കളയും;
വാക്കു പീയൂഷവേണീ;
വൃത്രാരാതിക്കുമച്ചോ! മനസി ബത ഭയം
വായ്ക്കുവോന്റീപ്രതാപം;
ചിത്തം സൗജന്യപാത്രം; നയമപി ധിഷണം
തിക്കരിപ്പോന്റ; പാർത്താ-
ലത്യന്തം ചിത്രമല്ലോ ഗുണമിതു സകലം
ദേവനാരായണാ! തേ." (44)

### (2) കായങ്കുളത്തു രാമവർമ്മരാജാവ്

"കല്യാണാകര! രാമവർമ്മനൃപതേ! നിൻകീർത്തി
ചന്ദ്രോജ്ജ്വലാ
ചൊല്ലേറും ഭുവനേ പരന്ന സമയേ ജാതം തുലോം
വിസ്മയം;
വല്ലാതേ കുമുദം വിരിഞ്ഞു പകലേ; കുമ്പീ പയോജം തുലോ;
-
മല്ലേ ചാരുചകോരികാകുലമുടൻ ചാടീ കുടിച്ചീടുവാൻ." (45)

"പാർമേലെല്ലാം നടന്നാളുടനുദധി കട-
ന്നാളതിൽക്കാൾ വിചിത്രം
(വാർമേവും) നാകലോകേ തെളിവൊടു വിളയാ-
ടീടിനാളൂഢശോഭം;
ആമോദാൽപ്പോയ്ക്കുളിച്ചാളഹിപതിഭവനേ
നന്റ നിൻകീർത്തിമാതി, -
ന്നാമോ നാരീജനാനാമിതു നിഖിലഗുണാ-
ഗാരമേ! രാമവർമ്മാ." (46)

### (3) തെക്കുംകൂർ ഗോദവർമ്മരാജാവ്

"ചാഞ്ഞീല ബാലഗതി കേവലമെങ്കിലും പോയ്-
ത്തേഞ്ഞൂ തുലോമഖിലവൈരിനൃപാലജാലം,
മാഞ്ഞീടുമന്ധതമസം ദിവി ബാലസൂര്യൻ
ചാഞ്ചാടുമവ്വളവിലും ബത! കോതവർമ്മാ." (47)

### (4) കൊച്ചി വീരകേരളവർമ്മ മഹാരാജാവ്

"വാരിരാശി ചുഴലിന്ന ഭൂമിയിൽ നിറഞ്ഞുതിങ്ങിന
യശോനിലാ-
വാശു തുകിനൊരു താരകേശ! പലനാൾ വിളങ്ങുക
മഹാമതേ!
ഘോരരാമരിയ വൈരിവാരണമുഖേഷു മേവിന മൃഗേന്ദ്ര, നീ
ധീരവീരവര! മാടഭൂതിലക! വീരകേരളമഹീപതേ!" (48)

### (5) കൊച്ചി രാമവർമ്മ മഹാരാജാവ്

"വീരശ്രീതൻ വിലോലേക്ഷണമധുപസരോ-
ജന്മമേ! നിർമ്മലത്വം
പൂരിക്കും നിൻപുകഴ്ചന്ദ്രിക ഭുവനതലം
മൂടിമേവും ദശായാം,
പാരിൽപ്പാലാഴിനീരേതപരസലിലമേ-
തെന്നസൗ നിന്നു മേന്മേൽ-
ക്കോരിക്കൊണ്ടാസ്വദിക്കുന്നിതു ബത കമലാ-
കാമുകോ രാമവർമ്മാ." (49)

"പാലംഭോരാശിമേളം തടവുമണിപുകഴ്-
ച്ചേലകൊണ്ടംഘ്രിപത്മ-
ത്തോളം മൂടി പ്രതാപോദയഘുസൃണപരാ-
ഗാംഗരാഗാഭിരാമാ,
ചാലേ ചേർന്നാശു നീയാം പ്രിയതമനൊടസൗ
മേദുരശ്രീവിലാസം
മേളിച്ചീടുന്നു മാടക്ഷിതിരമണി, രമാ-
രംഗമേ! രാമവർമ്മാ." (50)

**വീരകേരളവർമ്മാവും രാമവർമ്മാവും കൊല്ലം എട്ടാംശതകത്തിൽ ജീവിച്ചിരുന്ന രാജാക്കന്മാരാണെന്ന് അന്യത്ര ഉപപാദിക്കും.**

### (6) കൊടുങ്ങല്ലൂർ രാജാവ്

"ദിക്കെല്ലാം മേന്മ പെയ്യും നയവിനയനിധേ!
കീർത്തിനൈപുണ്യസാരം
തേടും ഭൂപാലമൗലേ! മരുവുക പെരികെ-
ക്കാലമിക്ഷ്മാതലേ നീ,
താരിൽപ്പെണ്ണിൻകടാക്ഷാൽ വിരവിനൊടു ധരി-
ച്ചും ഭരിച്ചും നിതാന്തം
ധാത്രീമംഭോധിസീമാമഖിലഗുണവിഭോ,
പശ്ചിമക്ഷ്മാപതേ! നീ." (51)

### (7) സാമൂതിരിപ്പാട്

"വാരാളും കുന്റലക്കോൻവരവിതു, വെടി കേൾ-
ക്കായി, താവിന്റ കൊട്ടും,
മാരാരാതിക്കു നൃത്തത്തിനു നിവിരെ മിഴാ-
വിന്മെലൊത്തിന്റപോലേ;
ആരും നേരിട്ടു നില്ലാരരിയ നെടുവിരി-
പ്പോടെടോ! വാൺമെലല്ലോ
നീരേകീ പണ്ടൊടുക്കത്തഖിലഗുണനിധേ!
ചേരമാൻ, രാമവർമ്മാ!" (52)

"വീരാണാം വീര! പോരും പൊരുതതു! പുരുഹൂ-
താലയേ പോയ് നിറഞ്ഞു-
ള്ളോരോ വൈരാകരാണാം പെരുമയിലുരുഭാ-
രേണ ശൗര്യാംബുരാശേ,
നേരേ വേരറ്റു മേരുത്തടിയനുമടിവാ-
രം പൊളിഞ്ഞിങ്ങുതന്നേ
പോരും മൂന്നാളകം ശക്രനുമമരകളും
വിക്രമക്ഷോണിബന്ധോ!" (53)

## 4 ദേവതാസ്തുതിപദ്ധതി

### (1) ഗണപതി

മുക്കണ്ണരേറുമെരുതിൻ തലമേൽ വിളങ്ങു-
ന്നക്കൊമ്പു രണ്ടു കതളിപ്പഴമെന്നു ചൊല്ലി
തൃക്കണ്ണിൽ നീർ പൊഴിയ നിന്നരനോടിരക്കു-
ന്നപ്പൈതലാനമുകവന്നു നമോ നമോസ്തു." (54)

### (2) മഹാവിഷ്ണു

"ധാത്രീമംഗല്യചൂഡാഭരണമയമഹാ-
നീലമേ! നീലമേഘ-
ച്ചാർത്തിന്മേൽ മിന്നൽപോലേ തിരുവുരസി രമാം
ചേർത്ത സൗഭാഗ്യരാശേ!
ചീർത്തീടും മോഹവാരാകരതരണതരീ-
യന്ത്രമേ! കാന്തിസിന്ധോ!
പാർത്തീടൊന്നാർത്തബന്ധോ! ജയ ജയ ജഗതീ-
സത്തമേ! പത്മനാഭാ!" (55)

"ശ്രീമൽക്കാർമേഘമാലാസുലളിതസുഷമം
ചാരുകാരുണ്യലക്ഷ്മീ-
സാമഗ്ര്യപ്രൗഢിമേൽ മണ്ടിന തരളതരാ-
ലോകലീലാനുഭാവം
ക്ഷേമവ്യാപാരലോലം മഹരപി തൊഴുതേൻ
നമ്രഗീർവാണചൂഡാ-
ദാമവ്യാലോലഭൃംഗീരവമുഖരിതപാ-
ദാരവിന്ദം മുകുന്ദം." (56)

പുണ്യാഭോഗം തൊഴുന്നേൻ പുതുമലർമകൾതൻ
പോരിളക്കൊങ്കതന്മേൽ
മിന്നീടും കുങ്കുമാലങ്കൃതസുരഭിലദോ-
രന്തരാളാഭിരാമം
വിണ്ണോർപാളീകിരീടാഞ്ചിതപദകമലം
ഭക്തലോകാഭികാംക്ഷാ-
മന്യൂനം പൂരയന്തം ഭുവനകൃതികലാ-
ശില്പിനം പത്മനാഭം." (57)

"ലോലലോചനവിലാസിനീലളിതകേളിജാതകലിതാശയാ
ചാല നാലു ദിശി ചെന്നുഴന്നു വലയായ്ക നല്ലതയി
ചേതനേ!
നീലനീരദനിറം കലർന്നു വിലസീടുമംബുജവിലോചനം
കാലപാശഭയഭഞ്ജനം ഭുവനപാലകം കരുതു
കേശവം." (58)

### (3) തിരുനാവാ വിഷ്ണു

"ഒന്റിന്മേലൂന്റിനാലത്തൊഴിലൊരുവനു മാ-
റ്റീടുവാൻ വേല; വേല-
പ്പെണ്ണിൻ പുണ്യൗഘമേ! മന്മനമഗതി വധൂ-
മണ്ഡലേ മഗ്നമല്ലോ;
എന്റാലൊന്റുണ്ടു യാചേ (തിരുവടിയൊടു ഞാൻ)
ഉത്തമാം മുക്തിനാരീ-
മിന്റേ പൂണായ്‌വരേണം മമ (തവ) കൃപയാ
ദേവ! നാവാമുരാരേ!" (59)

### (4) തൃച്ചെമ്മരത്തു കൃഷ്ണൻ

"ഭക്ത്യാ സേവിച്ചതോറും പരിചൊടു സുചിരം
ഭാവിതം വസ്തുതാനാ-
മിത്ഥം കാണായ പൗരാണികഭണിതി കണ-
ക്കല്ല, കല്യാണമൂർത്തേ,
നിത്യം നിന്മേനി നീലോല്പലനവകലികാ-
കാന്തി ചിന്തിച്ചതോറും
ചിത്തം മേന്മേൽ വെളുക്കിന്റിതു മമ നിതരാം
നിർമ്മലം ചെമ്മരേശാ!" (60)

"കണ്ണിപ്പിലാവില കളിക്കലമാക്കിവച്ചു
മണ്ണും നിറച്ചരിയിതെന്റദിതാനുരാഗം
ഉണ്ണാനിടച്ചെറിയവിറ്റെ വിളിക്കുമോമൽ-
ക്കണ്ണന്നു ചാലൊരു കളിപ്പുരയാവനോ ഞാൻ!" (61)

### (5) തിരുവാർപ്പിൽ കൃഷ്ണൻ

"ക്ഷീരസാഗരകുമാരികാഹൃദയ വാരിജന്മകളഹംസമേ!
വാരുലാവിന നവാംബുദോദരനിറം കലർന്ന രുചിരാകൃതേ!
നാരദാദിമുനിവൃന്ദവന്ദ്യ! നളിനായതേക്ഷണ! നമോസ്തു
തേ!
പാരിലെങ്ങുമരപൊങ്ങിനോരു തിരുവാർപ്പമർന്ന
കരുണാനിധേ!" (62)

### (6) തിരുവല്ലാ വിഷ്ണു

"നല്ല നല്ല മടവാരിലുള്ളഴിക നല്ലതല്ല മനമേ! നിന-
ക്കില്ലധൈര്യ, മൊരു ചൊല്ലു കേളുപരി നല്ലതിങ്ങിനി
വരേണ്ടുകിൽ,
ചെല്ല ചെല്ല തിരുവല്ലവാ മരുവുമല്ലിമാമലരിൽമങ്കതൻ
വല്ലഭൻചരണപല്ലവം കരുതു വല്ലവണ്ണമധുനാ ദൃഢം." (63)

### (7) കുടൽമാണിക്കം

വാണ്ടു ചെന്നങ്ങുമിങ്ങും ഭുവനതലവനാ-
ന്തേ, കൃതാന്തപ്പുളിന്ദൻ
കാണാതേ കാണിനേരം മരുവുവതിനൊരേ-
ടത്തുമില്ലത്ര സൗഖ്യം;
നീണാളുൾപ്പുക്കിരിപ്പാനയി മമ ധിഷണ-
പ്പൈങ്കിളിപ്പെണ്ണിനിപ്പോൾ
വേണന്തു കു, ടടിപ്പങ്കജയുഗളമയം
കൂടൽമാണിക്കമേ! തേ." (64)

"മലരടി തവ മാന്യം മാനയേ മാനസംകൊ-
ണ്ടലരിൽവനിതതന്നാൽ മന്ദമാന്ദോളിതാന്തം,
നലമുടയ നഖാളീകാന്തിജാലേന മൂടും
കുലിശധരകിരീടം, കൂടൽമാണിക്കമേ! ഞാൻ." (65)

### (8) തൃപ്പൂണിത്തുറ വിഷ്ണു

"സാമാന്യം മേരുശൈലോപരി ഞെളിവതിന, -
ല്ലല്ല മറ്റത്യുദാര-
ശ്രീ മേവും മുക്തിമാതിന്നധരമലർ നുകർ-
പ്പാനുമഭ്യർത്ഥനം മേ;
ആമാകിൽബ്ഭക്തബന്ധോ! പരമപുരുഷ! കേൾ
ദുഗ്ദ്ധസിന്ധോരസൗ ഞാൻ
ജാമാതാവാക വേണ്ടുന്നതു വിമഥിതഭൃ-
പുത്ര! പൂണിത്രനാഥാ!" (66)

### (9) ശ്രീപരമേശ്വരൻ

പട്ടാങ്ങേ ഞാൻ പറഞ്ഞാലതിനു തല കുലു-
ക്കേണ, മേണാക്ഷിമാരെ-
ത്തൊട്ടെന്റെന്റുള്ളതോതിന്റതിനതിവിഷമം
പ്രാണഭാജാം ജനാനാം;
മട്ടോലും വാണി, രമ്യം തിരുമുഖ, മധരം
ദിവ്യമെന്റുള്ളതെല്ലാ-
മിട്ടേറത്രേ കവീനാം; നിന മമ മനമേ!
ബാലചന്ദ്രാവതംസം." (67)

"ആം നാളെശ്ശുഭകർമ്മമെന്റു പറവാനായുഃസ്ഥിതിം
കണ്ടതാ, -
രാംനാളാവതു ചെയ്തുകൊൾകിലതു നന്റല്ലാതതില്ലേതുമേ;
ചാംനേരത്തു വരിന്റ ഭീതി കളവാൻ സേവിക്ക നീ നിത്യമാ-
മാമ്നായത്തിനു മൂലമായ പരമം ദൈവം സദാ
ചിത്തമേ!" (68)

"പുഞ്ചിരിപ്പുതുമ തഞ്ചുമഞ്ചിതവിലാസസഞ്ചയരസം തകും,
ചഞ്ചലാക്ഷികളണഞ്ഞു കൊഞ്ചുവതു കണ്ടു കിഞ്ചന
മയങ്ങൊലാ;
കഞ്ച [1] വൈരികല ചേർന്ന
ചെഞ്ചിടയിലാത്തമുണ്ഡശകലം
ശിവം
പഞ്ചബാണമദശോഷണം ദുരിതമോഷണം കരുതു
ചേതനേ!" (69)

"ലോഭിച്ചുണ്ണരുതാഞ്ഞു തൻവെറുവയറ്റിന്മേൽപ്പിടിച്ചുച്ചകൈഃ
ശ്രീപഞ്ചാമൃതവും ജപിച്ചു പളകായ്പ്പോരിന്റലുബ്ധേശ്വരാൻ
നീ പോയ്പ്പുക്കുപുകണ്ണു പാർത്തിരി പണം കെട്ടീടുവാൻ
ചിത്തമേ!
പാപീ, മന്മഥവൈരിചേവടി നിനച്ചീടിൽപ്പഴിച്ചീടുമോ?" (70)

### (10) തിരുവഞ്ചിക്കുളത്തു ശിവൻ

"ഒരു പഞ്ചശരം പൊരിച്ച നീതാൻ
തിരുനെഞ്ചിൽത്തരുണീമണച്ചതോർത്താൽ
ഹര! കിഞ്ചന പുഞ്ചിരിക്കു യോഗ്യം
തിരുവഞ്ചിക്കുളമാളുമിന്ദുമൗലേ!" (71)

### (11) ചെറുമന്നത്തു ശിവൻ

"പിറവിക്കിനിയൊക്കെനിക്കു പോറ്റീ,
പിറയും ചൂടി നടക്കണം ചിതായാം;
മറയും നിജഭക്ത ചിത്തതാരും
ചെറുമൻമുട്ടവുമാകണം നികേതം." (72)

ആമ്നായാബ്ധ്യേ മണിക്കോട്ടയിലുപനിഷദാം
പാളിയാം മാളികായാ-
മാമ്മാറോങ്കാരതല്പോപരി തഴവണയും
ചാരി നാദസ്വരൂപം,
കാമ്യം മായാവിലാസം മുഴുവനിതുസമാ-
ലോക്യ മേവും ഭവന്തം
കാൺമാനാനന്ദമൂർത്തേ! വരമരുൾ ചെറുമ-
ന്നമ്പുമെൻതമ്പുരാനേ!" (73)

### (12) വടക്കുന്നാഥൻ

"വിത്തസ്ത്രീജനകാനനാന്തരഗതം മത്തംവിളിച്ചേഷ ഞാൻ
ഭക്തിച്ചങ്ങലയും തൊടുത്തു വളരും കൈക്കൊണ്ടു
സേവാമയം
വൃത്തിക്കക്ഷരപഞ്ചകപ്പന കനം വാരിച്ചു തെക്കൈലമേ-
ലുദ്യൽസ്ഥാണുപദേ തെളിച്ചിത തളച്ചേനെൻ
മനോവാരണം." (74)

"നല്ലൺകോണേന ലോകം മുഴുവനടിപെടു-
ക്കിന്ന മൈക്കണ്ണിമാർതൻ
തൈക്കൊങ്കത്തൂത്തടത്തിൽക്കലിതരുചി കളി-
ച്ചേ കഴിഞ്ഞൂ തുലോം നാൾ;
ഇക്കാലത്താകിലച്ചോ! പരമശിവ! ഭവൽ
ഭക്തി മൂത്തിട്ടശേഷം
കൈക്കിന്തു കാമിനീനാം തടമുടയൊരു തൈ-
ക്കൊങ്ക തെക്കൈലനാഥാ!" (75)

"ചൂടില്ലാത്തോരു ഫാലം, ചുടലയിൽ നടമാ-
ടാത്ത ചീലം, മതിത്തെൽ
ചൂടീടാതോരു ചൂഡം, പരമൊരു പുഴകൂ-
ടാത കോടീരഭാരം,
ഓട്ടും മാൻപേട തേടാതൊരു കരകമലം,
ചാരുതെക്കൈലയിൽപ്പോയ്
നീടാർന്നീടാത നാഥം, തരുണിയൊടയുതം,
ദൈവതം നൈവ ജാനേ." (76)

"തെക്കിൻകൈലാസശൈലാലയമുടയ ജഗ-
ന്നാഥ! ബാലേന്ദുമൗലേ!
തെക്കിൻനാഥാ! മുരാരേ! നടുവിൽ വടിവെഴും
ബാണതാർബാണബന്ധോ!
ചൊല്ലൊണ്ടീടുന്ന ഭക്ത്യാ കഴലിണ പണിയു-
ന്നെന്നെ മുന്നിൽക്കുറിക്കൊ-
ണ്ടുൽകം പാലിച്ചുകൊള്ളുന്നതു വിപദി ഭവാ-
നോ, ഭവാനോ, ഭവാനോ?" (77)

"അംഗാരാക്ഷായ സാക്ഷാലിനിയ നിയമിനാം
ചിത്തതാരിൽക്കളിക്കും
ഭൃംഗായാദ്രീന്ദ്രകന്യാഹൃദയകുമുദിനീ-
ശീതധാമ്നേ നിതാന്തം
തുംഗേ കോടീരഭാരേ വിലസിന വിധിമു-
ണ്ഡായ നിത്യം നമസ്തേ
ഗംഗാകല്ലോലസംക്ഷാളിതലളിതശശാ-
ങ്കായ തെക്കൈലനാഥ!" (78)

### (13) പെരുഞ്ചെല്ലൂർ ശിവൻ

"വെണ്ണീറും വെള്ളെലിമ്പും വിഷധരവിലസൽ-
പ്പാമ്പുമാപാദചൂഡം
തണ്ണീരെപ്പോഴുമോലും തലയിലെരികനൽ-
ക്കട്ട പൊട്ടിൻറ കണ്ണും
എണ്ണേറും ഭൂതയൂഥങ്ങളൊടൊരു കളിയും
കണ്ടു നിന്നോടിണങ്ങും
പെണ്ണോളം ധൈര്യമുള്ളോരുലകിലൊരുവർ മ-
റ്റില്ല ചെല്ലൂർപ്പിരാനേ!" (79)

"ഏറിക്കൊള്ളായിരുന്തു പുരഹര, സുഖമേ
തോൽ പൊളിപ്പാൻ കനത്തോ-
രുഷത്തം നീയൊരാനത്തലവനെ വെറുതേ
കൊന്റതെന്തിന്ദുമൗലേ?
ഏറെ പ്രേമോദയം പൂണ്ടഴകിയ തിരുമെ-
യ്യംബികയ്ക്കായ്ക്കൊടുപ്പാ-
നാരപ്പോ! ചൊന്നതാലം പരുകിന ശിവനേ!
പോറ്റി ചെല്ലൂർപ്പിരാനേ!" (80)

"ചേണാർന്നീടുന്ന കല്പദ്രുമതണലിലിള-
ങ്കാറ്റുമേറ്റാത്തലീലം
വാണീടും മന്നവാനാം നില പിടിപെടുവാ-
നല്ല, മറ്റൊന്നിനല്ല;
പാണിച്ചെമ്പല്ലവംകൊണ്ടചലമകൾ തലോ-
ടുന്ന തൃക്കാൽ പ്രഭാവം
കാണട്ടെന്മാൻ തൊഴുന്നേൻ പുരഹര ശിവനേ!
പോറ്റി ചെല്ലൂർപ്പിരാനേ!" (81)

### (14) വൈക്കത്തപ്പൻ

"മാരൻപൂമെയ് കരിക്കാ; മരിയ പുരമെരി-
ക്കാ; മെരിക്കും ധരിക്കാം;
പാരീരെഴും ഭരിക്കാം; പരിചിനൊടു മുടി-
ക്കാം; നടിക്കാം ചിതായാം;
ഗൗരിക്കംഗം പകുക്കാം; ഝടിതി കടുകടെ-
ക്കാളകൂടം കുടിക്കാ-
മോരോന്നേ വിസ്മയം നിൻതിരുവുരു തിരുവൈ
ക്കത്തെഴും തിങ്കൾമൗലേ!" (82)

### (15) കുമാരനല്ലൂർ ഭഗവതി

"പാഥോരാശിപ്രമാഥേ മുരരിപുവചസാ
കാളകൂടം കുടിച്ച-
ന്നേതും ഖേദം വരാതേ പതിയുയിർ പരിപാ-
ലിച്ച മംഗല്യശീലേ!
ആധാരം നിന്നടിത്താരിണയൊഴികെ ജഗ-
ത്തിങ്കലില്ലാർത്തിഭാജാം;
നാഥേ! രോഗാതുരൻ ഞാൻ; തുണപെടുക കുമാ-
രാലയം കോലുമമ്മേ!" (83)

### (16) കൊടിക്കുന്നിൽ ഭഗവതി

"കൈകൂപ്പുന്നേൻ മതിത്തെല്ലിനുമണിനയന-
ങ്ങൾക്കുമേറ്റം മുഖത്തിൻ
പ്രാകാശ്യത്തിന്നുമൻപോടചലമദമുല-
യ്ക്കും മുലക്കുന്നിനും ഞാൻ
വാർകോലും മെല്ലിടയ്ക്കും കദളിയൊടു സദാ
പോരുടക്കും തുടയ്ക്കും
കാർകൂന്തൽച്ചാർത്തടിക്കും മഹിതപുറവടി-
ക്കും കൊടിക്കുന്നിലമ്മേ!" (84)

ഈ ശ്ലോകങ്ങൾ വായിക്കുന്ന ഏതു സഹൃദയനാണ് പുളകിതഗാത്രനായും ആനന്ദബാഷ്പാഭിഷിക്തനായും തീരാത്തത്! ഇത്തരത്തിൽ അനവധി പദ്യഗദ്യങ്ങൾ അക്കാലത്തേ വശ്യവചസ്സുകളും പരിണതപ്രജ്ഞന്മാരുമായ മണിപ്രവാളകവികൾ രചിച്ചിരുന്നു. അവർ നമുക്കു നല്കീട്ടുള്ളത് അപരിമേയപ്രഭാവമായ ഒരു സാഹിത്യസാമ്രാജ്യമാണെന്നുള്ള പരമാർത്ഥം ആധുനികന്മാർ ഒരിക്കലും വിസ്മരിക്കരുത്.

---

1. കഞ്ചം = കഞ്ജം

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 2 ഫോൺ പതിപ്പുകളുടെ കണ്ണികൾ


20. സംസ്കൃതസാഹിത്യം
21. ജ്യോതിഷത്തിന്റെ അഭിവൃദ്ധി
22. ഭാഷാസാഹിത്യം
23. മണിപ്രവാള സാഹിത്യം: ഭാഷാചമ്പുക്കൾ
24. മണിപ്രവാളസാഹിത്യം (തുടർച്ച)
25. മണിപ്രവാളസാഹിത്യം (തുടർച്ച)
26. ഭാഷ–ഗദ്യഗ്രന്ഥങ്ങൾ
27. സംസ്കൃതസാഹിത്യം
28. സംസ്കൃതസാഹിത്യം (തുടർച്ച)
29. മണിപ്രവാള സാഹിത്യം
30. തുഞ്ചത്തെഴുത്തച്ഛൻ
31. ഭാഷാസാഹിത്യം (പദ്യം)
32. ഭാഷാഗദ്യം


### വെബ് പതിപ്പു കണ്ണികൾ


1. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 1
2. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 2
3. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 3
4. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 4
5. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 5